**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2334** — **05-02-2026 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി മുഖേന അനുവദിച്ച വീടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് ഭവന പദ്ധതി മുഖേന എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2021 മേയ് മുതൽ) 30.01.2026 വരെ അനുവദിച്ച വീടുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | അനുവദിച്ച വീടുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 31709 |
| കൊല്ലം | 25314 |
| പത്തനംതിട്ട | 10695 |
| ആലപ്പുഴ | 22180 |
| കോട്ടയം | 14055 |
| ഇടുക്കി | 13679 |
| എറണാകുളം | 21891 |
| തൃശ്ശൂർ | 24003 |
| പാലക്കാട് | 37010 |
| മലപ്പുറം | 49118 |
| കോഴിക്കോട് | 22875 |
| വയനാട് | 13554 |
| കണ്ണൂർ | 13408 |
| കാസർഗോഡ് | 13335 |
| **ആകെ** | **3,12,826** |

| | | | |
|---|---|---|---|
| (ബി) | ലൈഫ് ഭവന പദ്ധതിയിലൂടെ അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും വീട് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ ഭവനരഹിതർക്കും അടച്ചുറപ്പുള്ള ഭവന ങ്ങൾ ലഭ്യമാക്കുവാനാണ് ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണ ധനസഹായ മിനത്തിൽ ജനറൽ/എസ്.സി/എസ്.ടി |

| | | | |
|---|---|---|---|
| | | | വിഭാഗത്തിൽപ്പെട്ടവർക്ക് 4 ലക്ഷം രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് അകത്തും സമീപത്തും ദുർഘട പ്രദേശങ്ങളിലും ഭവന നിർമ്മാണം നടത്തുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടവർക്ക് 6 ലക്ഷം രൂപയും അനുവദിക്കുന്നു. ഭൂരഹിത ഭവനരഹി തർക്ക് ഭൂമിയും വീടും ഉറപ്പാക്കിയോഭവനസമുച്ചയങ്ങളിലൂടെ പുനരധി വസിപ്പിച്ചോ, പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിലൂടെ ലഭിക്കുന്ന ഭൂമിയും പുറമ്പോക്ക് ഭൂമിയും ഭൂരഹിത ഭവനരഹിതർക്ക് ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ പട്ടികജാതി പട്ടികവർഗ്ഗ വികസന വകപ്പുകൾ മുഖേനയും ഭൂരഹിത ഭവനരഹിതർക്ക് ഭൂമി ലഭ്യമാക്കുന്ന തിനുള്ള നടപടിയും പുരോഗമിക്കുന്നു. ഇതിനു പുറമെ ലൈഫ് ചിറ്റിലപ്പിള്ളി ഭവന പദ്ധതിയിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുകയും ഇപ്രകാരം ഭൂമി ലഭ്യമാകുന്നവർക്ക് ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി വീട് നൽകുന്നതിനുള്ള നടപടിയും സ്വീകരി ച്ചിട്ടുണ്ട്. കൂടാതെ ലയൺസ് ലൈഫ് വില്ലേജ് പദ്ധതിയുടെ ഭാഗമായി 100 ലൈഫ് ഗുണഭോക്താക്കൾക്ക് ഭവന ങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം 2016-17 മുതൽ 30.01.2026 വരെ 6,00,610 ഗുണഭോക്താക്കൾ ഭവന നിർമ്മാണ ധനസഹായത്തിനായി കരാറിലേ ർപ്പെട്ടതിൽ 4,82,208 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1,18,402വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ